പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1896

16.06.2014-ൽ മറുപടിക്ക്.

# കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.ദാസൻ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | : | (എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നൽകിയ അപേക്ഷയിൻമേൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് കമാണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് വരികയാണ്. |
| (ബി) ഫയർ ആന്റ് റെസ്ക്യൂ കമാണ്ടന്റ് ജനറൽ പ്രസ്തുത വിഷയത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | : | (ബി) ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി) സ്റ്റേഷന് ആവശ്യമായ സ്ഥലം നഗരസഭ വിട്ടു നൽകാൻ തയ്യാറായിട്ടുള്ള സാഹചര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തുമോ? | | (സി) കൊയിലാണ്ടിയിൽ സ്ഥിരമായി ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മുനിസിപ്പാലിറ്റി റോഡിൽ ഹോമിയോ ആശുപത്രിക്ക് സമീപം നഗരസഭ വാങ്ങിയ 28 സെന്റ് സ്ഥലത്തിനടുത്ത് 22 സെന്റ് സ്ഥലം വാങ്ങി 50 സെന്റ് സ്ഥലം ഫയർ ഫോഴ്സിന് അനുവദിക്കാം എന്നുള്ളതാണ്. കൊയിലാണ്ടി നഗരസഭയുടെ തീരുമാനം സ്ഥലം കൈമാറി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കൊയിലാണ്ടി നഗരസഭ താൽക്കാലികമായി ഒരുക്കിയിരിക്കുന്ന കെട്ടിടത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പര്യാപ്തമാണോ എന്ന് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്